**കേരള സർക്കാർ**

**നം.ഡി.എ 1/653/2018/ തസ്വഭവ**

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി :17.09.2018

**<u>സർക്കുലർ</u>**

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-2019-20 വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി തയ്യാറാക്കുന്നത് -സംബന്ധിച്ച്

സൂചന:- 1 കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം സെക്രട്ടറിയുടെ 13.08.2018-ലെ 14016/02/2018 പി.സി. നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.09.18 ൽ കൂടിയ യോഗത്തിന്റെ പൊതു വിഷയ തീരുമാനം നമ്പർ 3.7

==================

2018 ഒക്ടോബർ 2-ാം തീയതിയോടെ 2019-20 വർഷത്തെ ഗ്രാമപഞ്ചായത്ത് വികസന പദ്ധതി (GPDP) തയ്യാറാക്കുന്നതിന്റെ ആരംഭം കുറിക്കണമെന്ന് കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം സൂചന (1) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കേരളം ഈ നേട്ടം 20 വർഷം മുമ്പ് കൈവരിച്ചതാണെന്നും ജനപങ്കാളിത്തത്തോടെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വാർഷിക വികസന പദ്ധതി തയ്യാറാക്കുന്നുണ്ടെന്നും സൂചന (2) ലെ യോഗം വിലയിരുത്തുകയും കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ കത്തിലെ നിർദ്ദേശ പ്രകാരം ഗ്രമസഭാ/വാർഡുസഭാ യോഗങ്ങൾ ചേരുന്നതടക്കമുള്ള തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ടി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

2019-20-ലെ വാർഷിക പദ്ധതി നവംബർ ഡിസംബർ മാസത്തിൽ തയ്യാറാക്കി 31-ാം തീയതിക്കകം ജില്ലാ ആസൂത്രണസമിതി അംഗീകരിക്കത്തക്ക രീതിയിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ കേന്ദ്ര പഞ്ചായത്തു രാജ് മന്ത്രാലയത്തിന്റെ സൂചന (1) കത്തിലെ നിർദ്ദേശപ്രകാരം ഗ്രാമസഭാ/വാർഡു സഭാ യോഗങ്ങൾ ചേരുന്നതടക്കമുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. ഇത് കാലപരിധിക്കകം പൂർത്തീകരിക്കാനുള്ള നടപടികൾ വകുപ്പുമേധാവികളും തദ്ദേശഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
} (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
} (നഗരകാര്യ ഡയറക്ടർ മുഖേന)

എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും- ഗ്രാമവികസനകമ്മീഷണർ മുഖേന
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:**- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (റൂറൽ) യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി (അർബൻ) യുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ